പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1590 — 08-06-2018-ലെ മറുപടിയ്ക്ക്

## തിന , ഞവര ഉടങ്ങിയ വിഭവങ്ങൾ കൃഷിവകുപ്പ് നേരിട്ട് ശേഖരിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന തിന , ഞവര ഉടങ്ങിയ വിഭവങ്ങൾ കൃഷിവകുപ്പ് നേരിട്ട് ശേഖരിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദീകരിക്കാമോ; | **(എ)** 2017-18 വർഷത്തിൽ നടപ്പിലാക്കിയ മില്ലറ്റ് വില്ലേജ് പദ്ധതിയിൻ കീഴിൽ ഉല്പാദിപ്പിച്ച തിന വിളകൾ കർഷകരിൽനിന്നും 40/- രൂപ നിരക്കിൽ 2800 kg സംഭരിച്ചിട്ടുണ്ട്.<br><br>ഞവരയുടെ ഉല്പാദനം വളരെ കുറവായതിനാൽ വിപണനത്തിന് ബുദ്ധിമുട്ട് നേരിട്ടില്ല. |
| **(ബി)** ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നതിനാവശ്യമായ വ്യത്യസ്തയിനം ഔഷധസസ്യങ്ങളുടെയും മറ്റ് കാർഷിക വിളകളുടെയും കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദീകരിക്കാമോ; | **(ബി)** നിലവിലുണ്ട്. ഔഷധസസ്യങ്ങളുടെ പരിപാലനത്തിനും, ക്രമാതീതമായി നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന പരമ്പരാഗത സസ്യങ്ങളെ നിലനിർത്തുന്നതിനും, അവയെ വീട്ടുവളപ്പുകളിലും വ്യാവസായിക അടിസ്ഥാനത്തിലും കൃഷി ചെയ്ത് ചികിത്സാതലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമായി ഔഷധസസ്യ കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കർഷക കൂട്ടായ്മകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 26 ഔഷധസസ്യങ്ങൾ നട്ട് പിടിപ്പിക്കുന്നതിനും സ്കൂളുകളിൽ ഔഷധോദ്യാനം സജ്ജമാക്കുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ധനസഹായം നൽകി വരുന്നു.<br><br>ഔഷധസസ്യങ്ങളുടെ നടീൽ, ഉല്പാദനം, ഔഷധസസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ, ഔഷധസസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിനായി ഉണക്കപ്പുരകൾ സ്ഥാപിക്കൽ, ഫ്ലക്സി ഘടകം എന്നീ പദ്ധതികൾ മുഖാന്തിരം |

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വ്യത്യസ്തയിനം ഔഷധസസ്യങ്ങളുടെ കൃഷിയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു.

**(സി)** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അനുബന്ധ വിളയായി കൃഷി ചെയ്യുന്ന ഔഷധ സസ്യങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

**(സി)** ഔഷധ സസ്യ കൃഷി വികസന പദ്ധതി പ്രകാരം ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഉല്പാദിപ്പിച്ച ഔഷധസസ്യങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 വർഷം ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെ ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

ഔഷധ സസ്യ വിപണനം സുഗമമാക്കുന്നതിന് ഉല്പാദകരുടെ buyer-seller മീറ്റും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**